01
11/04



"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മൈനോറിറ്റി സർട്ടിഫിക്കറ്റിന്റെ കാലാവധി 3 വർഷമായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (റ്റി) വകുപ്പ്

സ.ഉ.(കൈ) നം.95/2022/RD   തീയതി,തിരുവനന്തപുരം, 04-04-2022

---

പരാമർശം:-
1. 27.04.2007 ലെ സ.ഉ.(കൈ) 136/2017/റവ
2. 07.10.2021 ലെ സ.ഉ.(പി) നം.1/2021/പി.ഐ.ഇ.&എം.ഡി.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01.03.2022 ലെ LR/1969/2022/LRA6 നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ ബിരുദ- ബിരുദാനന്തര പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനത്തിന് മൈനോറിറ്റി വിഭാഗക്കാർക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് / മൈനോറിറ്റി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുണ്ട്. ഇതിൽ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന് 3 വർഷം കാലാവധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മൈനോറിറ്റി സർട്ടിഫിക്കറ്റിന്റെ കാലാവധി നിശ്ചയിച്ചിട്ടില്ല. WP(C) No.3024/2022(c) നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 28/01/2022 ഇടക്കാല ഉത്തരവ് നടപ്പിലാക്കുന്നതിന് മൈനോറിറ്റി സർട്ടിഫിക്കറ്റിന്റെ കാലാവധി സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ടെന്നും, ടി സർട്ടിഫിക്കറ്റിന്റെ കാലാവധി നിശ്ചയിക്കണമെന്നും പ്രവേശന പരീക്ഷാ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ മൈനോറിറ്റി സർട്ടിഫിക്കറ്റിന്റെ കാലാവധി 3 വർഷമായി നിശ്ചയിക്കണമെന്നും പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റവന്യൂ വകുപ്പിൽ നിന്നും നല്കുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലയളവ് നിശ്ചയിച്ചിട്ടുള്ള പരാമർശം (2) ഉത്തരവിൽ മൈനോറിറ്റി സർട്ടിഫിക്കറ്റിന്റെ കാലാവധി ഉൾപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. പൗരന്മാർക്ക് കേരള സർക്കാർ നല്കുന്ന സേവനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിലേക്കായി പരാമർശം (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും നല്കുന്ന സർട്ടിഫിക്കറ്റുകൾക്ക് യുക്തിസഹമായ കാലയളവ് (ഏറ്റവും കുറഞ്ഞത് ഒരു വർഷം) ബന്ധപ്പെട്ട വകുപ്പുകൾക്ക് നിഷ്കർഷിക്കാവുന്നതാണ് എന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക (iv) ൽ വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ ലാൻഡ് റവന്യൂ മാന്വൽ വാല്യം VI ലെ ഖണ്ഡിക 237 പ്രകാരം

റവന്യൂ വകുപ്പിൽ നിന്നും നല്കുന്ന മൈനോറിറ്റി സർട്ടിഫിക്കറ്റിന്റെ കാലാവധി 3 വർഷമായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മത്തായി.എൻ.വി
ജോയിൻറ് സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം
സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും / തഹസിൽദാർമാർക്കും (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
ധനകാര്യ, നിയമ വകുപ്പ് ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങൾക്ക് നൽകുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Sindhu Beegum M S
Date: 05-04-2022 10:21:42
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു: റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്